## കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ് പ്രസിദ്ധീകരണങ്ങൾ

1. ഉപഭോക്തൃസംരക്ഷണ നിയമം സാധാരണക്കാരന്റെനിയമം വില 2 രൂപ
2. വനിതകളും ഉപഭോക്തൃ സംരക്ഷണനിയമവും വില 2 രൂപ
3. ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി സമർപ്പിക്കുന്നതെങ്ങനെ? വില 5 രൂപ
4. പോലീസും ജനങ്ങളും വില 5 രൂപ
5. അളവുകളും തൂക്കങ്ങളും ഒരു വിശദീകരണം വില 2 രൂപ
6. മായം ചേർക്കൽ കണ്ടുപിടിക്കുന്നതെങ്ങനെ? വില 2 രൂപ
7. തിരഞ്ഞെടുത്ത തർക്കപരിഹാര ഫോറം വിധികൾ വില 5 രൂപ
8. ബിസ്സും ഉപഭോക്താവും വില 5 രൂപ
9. ഉപഭോക്തൃ സംരക്ഷണ നിയമം 1986, 1993 ലെ ഭേദഗതികൾ ഉൾപ്പെടെ വില 8 രൂപ
10. എന്തിനെല്ലാം പരാതി സമർപ്പിക്കാം? വില 2 രൂപ
11. ഉപഭോക്താക്കൾ അറിയേണ്ടും കാര്യങ്ങൾ വില 2 രൂപ
12. ഉപഭോക്തൃ സംരക്ഷണ സമിതികളുടെ രൂപീകരണവും പ്രസക്തിയും വില 2 രൂപ
13. ഗാന്ധിയൻ ആദർശങ്ങളും ഉപഭോക്തൃ സംരക്ഷണ നിയമവും വില 2 രൂപ
14. ഹായ് ഐസ്ക്രീം (നിയമം കുട്ടികൾക്ക്) വില 3 രൂപ
15. അഭിഭാഷകരെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം? വില 5 രൂപ
16. ലഹരിയും ഉപഭോക്താവും വില 2 രൂപ
17. കർഷകനും ഉപഭോക്തൃ സംരക്ഷണ നിയമവും വില3 രൂപ
18. വൈദ്യുതിയും ഉപഭോക്താവും വില 5 രൂപ
19. കെട്ടിട നിർമ്മാണവും ഉപഭോക്തൃസംരക്ഷണ നിയമവും വില 5 രൂപ
20. ഉണരൂ! സമയമായി! വില 1 രൂപ
21. ഇതാ നമ്മൾ രാജാക്കൻമാർ വില 1 രൂപ
22. കർഫ്യൂ (നിയമം കുട്ടികൾക്ക്) വില 3 രൂപ
23. അറസ്റ്റ്-നിങ്ങളുടെ അവകാശങ്ങൾ വില 5 രൂപ
24. എയ്ഡ്സ് വില 5രൂപ
25. പഞ്ചായത്തീരാജും-ഉപഭോക്താവും വില 5 രൂപ
26. ഇന്ത്യൻ ഭരണ ഘടന (സാധാരണ ജനങ്ങൾക്ക്) വില 100 രൂപ
27. ടെലിഫോണും ഉപഭോക്തൃ സംരക്ഷണനിയമവും വില 10 രൂപ
28. സ്ത്രീകളും ഇന്ത്യൻ ഭരണഘടനയും വില 5 രൂപ
29. പൊതു താല്പര്യ വ്യവഹാരം വില 15 രൂപ
30. സമ്മാനം [ഉപഭോക്തൃസംരക്ഷണപ്രവർത്തകർക്കുള്ളഗൈഡ്] 60 രൂപ
31. മാർച്ച് 15 വില 5 രൂപ
32. റോഡപകടങ്ങൾ-നിങ്ങൾ എന്തുചെയ്യണം? വില 2 രൂപ
33. ഡിസംബർ 26 വില 5 രൂപ
34. മനുഷ്യാവകാശം വില 5 രൂപ
35. തയ്യൽ തൊഴിലാളികളും ഉപഭോക്തൃസംരക്ഷണനിയമവും വില5രൂപ
36. അപകടം വില 3 രൂപ,
37. ഭീകരൻ വില 3 രൂപ
38. മോചനം വില 2 രൂപ

പണം മണിഓർഡറായി മുൻകൂർ അയക്കുക.

കോപ്പികൾക്ക്:


കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്, എടൂർ പായം 670701

# സ്ത്രീധന (ഡൌറി) നിരോധന നിയമം

വില രണ്ടു രൂപ

കൺസ്യൂമർ വനിത ക്ലബ്ബ് എടൂർ-പായം-670704 പ്രസിദ്ധീകരിക്കുന്നു. വിതരണം കൺസ്യൂമർ ന്യൂസ്-പായം-670704. ഫോൺ: 0490-491475

പ്രിയ ഉപഭോക്തൃ സുഹൃത്തുക്കളെ,



സ്ത്രീയ്ക്കും പുരുഷനും തുല്യ അവകാശമാണ് നമ്മുടെ രാജ്യത്ത് ഭരണഘടന നല്കുന്നത്. എന്നാൽ സ്ത്രീധനം എന്ന പേരിൽ സ്ത്രീയുടെ പക്കൽ നിന്നും പണവും സ്വത്തുക്കളും വാങ്ങുകയും-അതിന്റെ പേരിൽ സ്ത്രീയെ പീഡിപ്പിക്കുകയും, കൊല്ലുകയും ചെയ്യുന്ന നിരവധി സംഭവങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ലോകത്തിൽ ഏററവും അധികം സ്ത്രീധന മരണങ്ങൾ നടക്കുന്നത് ഇന്ത്യയിലാണെന്ന് കണക്കുകൾ പറയുന്നു, പ്രതിവർഷം അയ്യായിരത്തിലധികം. ദിവസേന 14 സ്ത്രീകൾ നമ്മുടെയിടയിൽ നിന്നും വേർപിരിയുന്നു. അധിക സ്ത്രീധന മരണങ്ങളുടെയും പിന്നിൽ അമ്മായിയമ്മമാരും ഭർതൃ സഹോദരിമാരും ആണ് എന്നതാണ് ഏററ ദുഃഖകരം.

നമ്മുടെ രാജ്യത്ത് സ്ത്രീകളുടെ നേരെയുള്ള പീഡനങ്ങൾ ഒഴിവാക്കുവാൻ ധാരാളം നിയമങ്ങളുണ്ട്. എന്നാൽ നിയമം ജനങ്ങൾക്ക് അറിയുവാൻ മാർഗങ്ങളില്ല. നിയമം അറിയുവാൻ ജനങ്ങൾ ശ്രമിക്കുന്നുമില്ല.

ഇൻഡ്യയിലെ ഓരോ പുരുഷനും സ്ത്രീധന നിരോധനനിയമത്തെ കുറിച്ചറിയണം. നിയമം അറിയില്ല എന്നു പറയുന്നതുകൊണ്ട് ശിക്ഷയിൽ നിന്ന് മോചനം ലഭിക്കത്തില്ല. ഓരോ പുരുഷനും നിയമത്തെ കുറിച്ചറിയുന്നതോടൊപ്പം സ്ത്രീകളും അറിയണം, തന്റെ സഹോദരിക്ക് ഒരു പ്രശ്നമുണ്ടാകുമ്പോൾ പ്രതികരിക്കുവാൻ എല്ലാസ്ത്രീകളും ഒത്തുചേരണം. സ്ത്രീധനമെന്ന തീരാശാപത്തിന്റെ പേരിൽ ഇനി ആർക്കും ഒരു പീഡനവും ഉണ്ടാകാതിരിക്കുവാൻ എല്ലാ സ്ത്രീകളും ഒരുമിക്കണം. നമ്മുടെമക്കൾക്ക് ഈ അറിവ് നല്കണം. നമ്മുടെ മക്കളിലൂടെ ഒരു സാമൂഹ്യ മാററമുണ്ടാക്കുവാൻ നമുക്ക് ശ്രമിക്കാം.

സ്ത്രീധന നിരോധന നിയമം പ്രസിദ്ധീകരിക്കുവാൻ താൽപര്യം കാട്ടിയ നോസർ-ഇന്ത്യയുടെ കൺസ്യൂമർ വനിത ക്ലബ്ബ് പ്രവർത്തകർക്ക് നന്ദി. ഭാരതത്തിൽ സ്ത്രീധനത്തിന്റെ പേരിൽ പീഡനമേററവർക്കായി ഞാൻ ഈ പുസ്തകം സമർപ്പിക്കുന്നു.

എം. വി. മാത്യു
എഡിററർ

# സ്ത്രീധന (ഡൌറി) നിരോധന നിയമം

''നിയമത്തെക്കുറിച്ചുള്ള അജ്ഞത
നിയമലംഘനത്തെ ന്യായീകരിക്കുന്നില്ല''!

സ്ത്രീധനത്തിന്റെ പേരിൽ കൊലപാതകങ്ങളും ആത്മഹത്യകളും ധാരാളമായി റിപ്പോർട്ടുചെയ്യപ്പെടുന്ന ഇന്നത്തെ സാഹചര്യത്തിൽ സ്ത്രീധന നിരോധന നിയമത്തെപ്പററിയുള്ള അറിവ് പ്രയോജനകരമായിരിക്കും.

## സ്ത്രീധനം എന്നാൽ

സ്ത്രീധനം എന്ന പദത്തിന്റെ ശബ്ദാർത്ഥ വ്യാഖ്യാനം സ്ത്രീയ്ക്ക് അവകാശപ്പെട്ട ധനം അല്ലെങ്കിൽ സ്വത്ത് എന്നാണ്. ഹൈന്ദവ നിയമമനുസരിച്ച് മാതാപിതാക്കളിൽ നിന്നും ബന്ധുക്കളിൽ നിന്നും സ്വയം തൊഴിൽ ചെയ്തും മററും സ്ത്രീക്ക് ലഭിക്കുന്നസ്വത്തിനെയാണ് സ്ത്രീധനം എന്നുപറയുന്നത്. ഹൈന്ദവ നിയമത്തിൽ ഈ അർത്ഥത്തിലാണ് സ്ത്രീധന പദം ഉപയോഗിക്കുന്നത്. ഇത്തരത്തിൽ സ്ത്രീ സ്വന്തം പേരിൽ സ്വത്തു സമ്പാദിക്കുന്നതിനെ ഭാരതത്തിലെ ഒരു നിയമവും നിരോധിച്ചിട്ടില്ല, ഇപ്പോഴും നിരോധിക്കുന്നില്ല. എന്നാൽ സാധാരണക്കാരൻ ഇന്നു സ്ത്രീധനം എന്ന വാക്കു ഉപയോഗിക്കുന്നത് ഇംഗ്ലീഷിൽ ഉള്ള "ഡൌറി" എന്ന പദത്തിനു സമാനമായാണ്.

ഡൌറി എന്ന ഇംഗ്ലീഷുപദം ഉപയോഗിക്കുന്നത് വിവാഹിതയാകുമ്പോൾ ഒരു സ്ത്രീ ഭർത്താവിനായി കൊണ്ടുപോകുന്ന സ്വത്ത് എന്ന അർത്ഥത്തിലാണ്. വിവാഹസമയത്ത് വധുവിന്റെ കുടുംബം വരന്റെ കുടുംബത്തിനു നല്കുന്ന സ്വത്തിനും ഡൌറി എന്നു പറയും. ഇതിനു ചരിത്രപരമായ ഒരു പശ്ചാത്തലമുണ്ട്. ഇംഗ്ലണ്ടിൽ ഒരു കാലത്ത് വിവാഹിതയായ ഒരു സ്ത്രീ സ്വന്തം പേരിൽ സ്വത്ത് സംഭരിക്കുന്നതോ നിലനിർത്തുന്നതോ നിയമം അനുവദിച്ചിരുന്നില്ല. ഒരു സ്ത്രീ വിവാഹിതയാകുമ്പോൾ അവളുടെ പേരിലുള്ള സ്വത്ത് ഭർത്താവിന്റേതായിരുന്നു. വിവാഹബന്ധം ഉലഞ്ഞാൽപോലും ഈ സ്വത്ത് പിന്നീടുള്ള കാലത്തു അവളുടെ ചിലവിലേക്കായി കിട്ടിയിരുന്നില്ല. കഴിഞ്ഞ നൂററാണ്ടിന്റെ അവസാനകാലത്താണ് ഈ നിയമത്തിന്റെ പ്രാബല്യം ഇല്ലാതായത് ഇന്ന് ഇംഗ്ലണ്ടിൽ വിവാഹിതയായ ഒരു സ്ത്രീക്ക് സ്വന്തം പേരിൽ സ്വത്ത് സമ്പാദിക്കുന്ന കാര്യത്തിൽ വിലക്കില്ല.

## സ്ത്രീ പുരാതന ഭാരതത്തിൽ

ഇന്ത്യയിലാണെങ്കിൽ പൌരാണിക കാലത്ത് സ്ത്രീയുടെ നി

ല മെച്ചപ്പെട്ടതായിരുന്നു. അക്കാലത്തു നിലവിലില്ലാതിരുന്ന ചില ആചാരങ്ങൾ ഇടക്കാലത്ത് പ്രചാരത്തിൽ വരുകയാണുണ്ടായത്. ഹൈന്ദവാചാരപ്രകാരം വിവാഹം ഒരു മതപരമായ ചടങ്ങായിട്ടാണ് കരുതിയിരുന്നത്. വിവാഹശേഷം സ്ത്രീയെ ഭർതൃകുടുംബത്തിലെ അംഗമെന്ന നിലയിലാണ് സമൂഹം ദർശിച്ചത്. ഇക്കാരണത്താൽ പിതൃകുടുംബത്തിലെ സ്വത്തിന് സ്ത്രീക്ക് അവകാശമില്ല എന്ന നിലവന്നു. പുത്രിയോടുള്ള വാത്സല്യത്തിന്റെ ഫലമായി കന്യാദാനം ചെയ്യുമ്പോൾ പിതാവ് വരദക്ഷിണ നല്കുക എന്നൊരാചാരം കാലക്രമം കൊണ്ട് ഉടലെടുത്തു. ചെറുപ്രായത്തിൽ തന്നെ പെൺകുട്ടികളുടെ വിവാഹം നടത്തണമെന്നു പൌരോഹിത്യ മേധാവിത്വം നിർബന്ധിക്കുവാൻ തുടങ്ങി. ബഹുഭാര്യാത്വം അനുവദനീയമായിരുന്നു. കാലാന്തരത്തിൽ സാമൂഹ്യാചാരങ്ങൾക്ക് അപകർഷത സംഭവിച്ചപ്പോൾ സ്ത്രീകളോടുള്ള സമീപനത്തിന് മാററമുണ്ടായി. സ്ത്രീകളുടെ സാമൂഹ്യ നില അനഭിലഷണീയമായ രീതിയിലേക്ക് നീങ്ങി.

## ഡൌറി സമ്പ്രദായത്തിന്റെ തുടക്കം

സ്ത്രീക്ക് കുടുംബസ്വത്തിൽ അവകാശം നിഷേധിച്ച സമുദായങ്ങളിലാണ് ഡൌറി സമ്പ്രദായം തുടക്കം കുറിച്ചത്. ഇത്തരം സമുദായങ്ങളിൽ ഡൌറി നിർബന്ധമായി. സ്ത്രീയെ വിവാഹം ചെയ്തു കൊടുക്കുക എന്നത് കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുവാൻ തുടങ്ങി. പെൺകുട്ടി ജനിക്കുന്നതു തന്നെ ഒരു ബാദ്ധ്യതയായി കരുതപ്പെടുകയായി.

ഡൌറി പെൺകുട്ടിയുടെ സുഖക്ഷേമത്തെ ഉദ്ദേശിച്ചാണ് തുടങ്ങിയതെങ്കിലും ഡൌറി സ്വത്ത് വരന്റെ കുടുംബസ്വത്തെന്ന നിലയിൽ പിന്നീട് അതിനെ കൈകാര്യം ചെയ്യാൻ തുടങ്ങി. വിവാഹം പ്രമാണിച്ച് കിട്ടുന്ന ഡൌറി സ്വത്ത് ഉപയോഗിച്ച് വരന്റെ കുടുംബത്തിലെ പെൺകുട്ടികളെ വിവാഹം ചെയ്തു കൊടുക്കുന്നത് സാധാരണയായി തീർന്നു. ഈ ആവശ്യത്തിലേക്ക് കൂടുതൽ സംഖ്യ ആവശ്യമായിവന്ന മുറക്ക് മകനുവേണ്ടിയുള്ള ഡൌറിയുടെ വലിപ്പവും വർദ്ധിച്ചുകൊണ്ടിരുന്നു. അതിന്റെ ഫലമായി ആൺകുട്ടികൾ കുടുംബത്തിന്റെ സമ്പത്തായും പെൺകുട്ടികൾ കുടുംബത്തിന്റെ ബാദ്ധ്യതയായുംകണക്കാക്കപ്പെട്ടു. സ്ത്രീ പുറത്തു പോയി ജോലി ചെയ്തു സ്വയം പണം സമ്പാദിക്കാതിരുന്നതുകൊണ്ട് അവളുടെ സാമ്പത്തിക ഭദ്രത ഭർത്താവിന്റെയും, കുടുംബത്തിന്റെയും ഗുണദോഷങ്ങൾക്ക് വിധേയമായിരുന്നു.



## സ്ത്രീയും കുടുംബ സ്വത്തും

സ്ത്രീക്ക് കുടുംബസ്വത്തിൽ അവകാശം നൽകുന്ന മരുമക്കത്തായ സമുദായങ്ങളിൽ ഡൌറി ചുരുക്കമാണ്. ഈ സമുദായങ്ങളിൽ സ്ത്രീകളുടെ നില താരതമ്യേന മെച്ചമായിരുന്നു. കൊച്ചിയിലേയും, തിരുവിതാംകൂറിലേയും കൃസ്തീയ പിൻതുടർച്ച നിയമമനുസരിച്ച് പെൺമക്കൾക്ക് ആൺമക്കളെ അപേക്ഷിച്ചു തുച്ഛമായ അവകാശമേ പിതൃസ്വത്തിൽ ഉണ്ടായിരുന്നുള്ളു. സ്ത്രീധനം നൽകി വിവാഹം ചെയ്തുകൊടുക്കപ്പെടുന്ന സ്ത്രീക്ക് പിതൃസ്വത്തിൽ അവകാശമില്ലായിരുന്നു. ഇന്ത്യൻ പിൻതുടർച്ച നിയമം എല്ലാ കൃസ്ത്യാനികൾക്കും ബാധകമാണെന്നു സുപ്രീം കോടതി ഈയിടെ വിധിക്കുക മൂലം പെൺമക്കൾക്കും ആൺമക്കൾക്കും പിതൃസ്വത്തിൽ തുല്യമായ അവകാശം ലഭ്യമായതുകൊണ്ട് വിവാഹ സമയത്തു പെൺകുട്ടികൾക്ക് സ്വത്തു നൽകുന്ന സമ്പ്രദായം നിലനിർത്തേണ്ടുന്ന ആവശ്യം ഇല്ലാതായിയിരിക്കുന്നു.

ഇസ്ലാം നിയമമനുസരിച്ച് പിതൃസ്വത്തിൽ പെൺമക്കൾക്കു ആൺമക്കളുടെ പകുതി ഓഹരിക്കെ അവകാശമുള്ളു. ഇസ്ലാം നിയമത്തിൽ ഡൌറിക്കു സ്ഥാനമില്ലെങ്കിലും പ്രായോഗിക തലത്തിൽ ഇന്ത്യയിലെ എല്ലാ മതവിഭാഗക്കാരുടേയും ഇടയിൽ ഡൌറി സമ്പ്രദായം നിലവിൽ ഉണ്ട് എന്നുപറയുന്നതിൽ തെററില്ല.

## ഡൌറി ഒരു ദേശീയ വിപത്ത്

പുത്രിയോടുള്ള സ്നേഹത്തിന്റെ പ്രതീകമായി തുടങ്ങിവെച്ച ഒരു സമ്പ്രദായം ഇന്നു ഭാരതത്തെ സംബന്ധിച്ചിടത്തോളം ഒരു ദേശീയവിപത്തായിതീർന്നിരിക്കുകയാണ്. അനേകം കുടുംബങ്ങളുടെ ഭദ്രതയേയും വളർച്ചയേയും സമാധാനത്തേയും കാർന്നുതിന്നുന്ന ആപത്താണ് ഇന്ന് ഡൌറി. ഉത്തരേന്ത്യയിലാണ് ഇതിന്റെ ഭീകരത കൂടുതൽ പ്രത്യക്ഷമാകുന്നത്. നിരവധി കുടുംബങ്ങളെ അത് നശിപ്പിച്ചിട്ടുണ്ട്. അനേകം കുടുംബങ്ങളെ തീരാദുഃഖത്തിലാഴ്ത്തിയിട്ടുമുണ്ട്. ഡൌറിയുടെ പേരിൽ ഭർതൃകുടുംബാംഗങ്ങളുടെ ക്രൂരതമൂലം അനേകായിരം സ്ത്രീകൾ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഡൌറിയുടെ പോരായ്മമൂലം നിരവധി വധുക്കൾ വധിക്കപ്പെട്ടിട്ടുണ്ട്. ഔദ്യോഗിക കണക്കനുസരിച്ച് 1979-ൽ മാത്രമായി ഭാര്യമാരെ അഗ്നിക്കിരയാക്കിയ 1675 കേസ്സുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. നിരവധി പെൺശിശുക്കൾ വധിക്കപ്പെട്ടിട്ടുണ്ട്. ഡൌറി കൊടുക്കുവാൻ കഴിവില്ലാത്ത നിരവധി യുവതികൾ അവിവാഹിതരായി കഴിയേണ്ടി വന്നിട്ടുണ്ട്. അപഥസഞ്ചാരികളായിട്ടുണ്ട്. ഇന്ത്യയിലെ വനിതകളുടെ സ്ഥിതിയെപ്പററി അന്വേഷിക്കുവാൻ നിയമിച്ച കമ്മററിയുടെ റിപ്പോർട്ടുപ്രകാരം കല്കത്താ നഗരത്തി

ലെ ഗണികമാരുടെ എണ്ണം പതിനായിരത്തോളം വന്നിരുന്നു, അവരിൽ പലരും അഭ്യസ്തവിദ്യരും ജീവിക്കുവാൻ മാർഗ്ഗമില്ലാത്തതുമൂലം അസാന്മാർഗ്ഗികവൃത്തികളിൽ ഏർപ്പെടുവാൻ നിർബന്ധിതരായവരുമാണ്. ദരിദ്രരായ മാതാപിതാക്കൾ തങ്ങളുടെ പെൺമക്കളെ അസാന്മാർഗ്ഗിക മാർഗ്ഗങ്ങളിൽ കൂടി ധനം സമ്പാദിക്കുന്നതിനു വേണ്ടി വൻ പട്ടണങ്ങളിലേക്ക് അയക്കുക പതിവായിട്ടുണ്ട്. ഏതാനും വർഷം മുൻപ് ഉത്തരകാശിയിലെ ഒരു ചെറിയ ഗ്രാമത്തിലേയ്ക്ക് ഈ വിധം സമ്പാദിച്ച് അയക്കുന്ന സംഖ്യ മാസത്തിൽ 3 ലക്ഷം രൂപ വരുമായിരുന്നു എന്നാണ് റിപ്പോർട്ട്. ഡൌറിയുടെ അപര്യാപ്തതകാരണം കൊല്ലത്തിൽ 20000ത്തിലധികം വിവാഹമോചനങ്ങൾ നടക്കുന്നുണ്ടത്രെ. 1956 ലെ ഹിന്ദുപിൻതുടർച്ച നിയമം പെൺമക്കൾക്ക് പിതൃസ്വത്തിൽ പുത്രൻമാരോടൊപ്പം അവകാശം നല്കിയെങ്കിലും ഗണ്യമായ ഒരു വിഭാഗം ആളുകൾ തങ്ങളുടെ സ്നുഷമാർക്കു പിതൃസ്വത്തിലുള്ള ഓഹരി വേണ്ടെന്നുവെച്ചിട്ട് പകരം ഡൌറി വാങ്ങിക്കുക പതിവായിത്തീർന്നിട്ടുണ്ട്.

## ഡൌറി നിരോധന നിയമം

ഡൌറിയെന്ന ദുരാചാരംമൂലമുള്ള കെടുതികൾ കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളായി വർദ്ധിച്ചു വന്നിരുന്നു. പല സംസ്ഥാനങ്ങളിലും അത് സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഒരു ശാപമായിത്തീർന്നു. ഈ ഏർപ്പാട് അവരുടെ ക്ഷേമത്തെയും സുഖജീവിതത്തേയും സാരമായി ബാധിച്ചു. ഈ പരിതഃസ്ഥിതിക്കൊരറുതി വരുത്തുന്നതിനാണ് ഡൌറി നിരോധന നിയമം നിലവിൽ വന്നത്. 1961 ജൂലായ് 1-ാം തീയതി അതു പ്രാബല്യത്തിൽ വന്നു. എങ്കിലും അന്നത്തെ നിയമത്തിൽ പല പഴുതുകളും പോരായ്മകളും ഉണ്ടായിരുന്നതുകൊണ്ട് ഉദ്ദേശിച്ച ലക്ഷ്യങ്ങൾ സഫലമായില്ല. ബംഗാൾ, പഞ്ചാബ് തുടങ്ങിയ സ്റ്റേറ്റുകളിൽ നിയമത്തിൽ ഭേദഗതികൾ വരുത്തി. ഒടുവിൽ കേന്ദ്ര പാർലിമെൻറ് തന്നെ 1984-ൽ നിയമത്തിൽ ഭേദഗതി വരുത്തി. ഭേദഗതി ചെയ്ത നിയമം 1985 ഒക്ടോബർ മാസത്തിൽ പ്രാബല്യത്തിൽ വന്നു. ജമ്മുകാശ്മീർ സംസ്ഥാനമൊഴികെയുള്ള ഇന്ത്യൻ റിപ്പബ്ലിക്കിനു മുഴുവൻ ആ നിയമം ബാധകമാണ്.

ഇന്നു നിലവിലുള്ള ഡൌറി നിരോധന നിയമത്തിൽ ഡൌറി എന്താണെന്ന് നിർവ്വചിച്ചിട്ടുണ്ട്. വിവാഹ സമയത്തോ അതിനുമുമ്പോ, അതിനു ശേഷമോ, അതിനുശേഷമോ വധൂവരന്മാരിൽ ഒരാളോ, ഒരു വ്യക്തിയുടെ മാതാപിതാക്കൻമാരോ, വിവാഹബന്ധത്തിൽ ഏർപ്പെടുന്ന ഇതര വ്യക്തിക്കോ, മററാർക്കെങ്കിലുമോ വിവാഹത്തോടനുബന്ധിച്ച് നൽകുന്ന സ്വത്താണ് ഡൌറി. എന്നാൽ മുസ്ലീം വ്യക്തി നിയമപ്രകാരമുള്ള ഡവർ അല്ലെങ്കിൽ



മഹർ ഇതിൽ ഉൾപ്പെടുകയില്ല.

## ശിക്ഷാ വ്യവസ്ഥകൾ

ഡൌറി എന്നറിയപ്പെടുന്ന സ്ത്രീധനം കൊടുക്കുന്നതും സ്വീകരിക്കുന്നതും, കൊടുക്കുന്നതിനോ, സ്വീകരിക്കുന്നതിനോ പ്രേരണ നൽകുന്നതും ഇന്ന് കുററകരമാണ്. അപ്രകാരം കുററം ചെയ്ത ഒരാളെ ആറുമാസത്തിൽ കുറയാതെയും രണ്ടു കൊല്ലക്കാലം വരെ നീണ്ടു നിൽക്കാവുന്നതുമായ തടവും 10,000ക. യോ സ്ത്രീധനത്തിനൊത്തതായ തുകയോ പിഴയും നൽകി ശിക്ഷിക്കാവുന്നതാണ്. തക്കതായ കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ തടവു ശിക്ഷ ആറുമാസത്തിൽ കുറയ്ക്കുവാൻ കോടതിക്ക് അധികാരമുള്ളൂ.

ഏതെങ്കിലും വ്യക്തി വധുവിൻെറയോ വരൻെറയോ മാതാപിതാക്കന്മാരോടോ ബന്ധുക്കളോടോ രക്ഷാകർത്താക്കളോടോഡൌറി ആവശ്യപ്പെടുകയാണെങ്കിൽ അയാൾ ആറുമാസത്തിൽ കുറയാതെയും രണ്ടു കൊല്ലത്തിൽ കവിയാതെയും ഉള്ള തടവിനും പതിനായിരം രൂപയിൽ കവിയാത്ത പിഴയ്ക്കും ശിക്ഷാർഹനാണ്. തക്കതായ കാരണമുണ്ടെങ്കിൽ മാത്രമേ തടവുശിക്ഷ ആറുമാസത്തിൽ കുറയ്ക്കുന്നതിനും കോടതിക്ക് അധികാരമുള്ളൂ.

## സ്ത്രീധനത്തിൻെറ പേരിലുള്ള ഇടപാടുകൾ

ഡൌറി കൊടുക്കുവാനും സ്വീകരിക്കുവാനും ഉള്ള കരാറുകൾക്ക് നിയമബാദ്ധ്യതയില്ല. അവ നിലനില്ക്കത്തക്കവയല്ല.

ഒരു സ്ത്രീയുടെ വിവാഹത്തോടനുബന്ധിച്ച് ഏതെങ്കിലും വ്യക്തി ഡൌറി വാങ്ങുകയാണെങ്കിൽ അയാൾ ആ സ്വത്ത് സ്ത്രീയുടെ പേരിലേക്ക് മാററേണ്ടതാണ്, അങ്ങനെ ഡൌറി വാങ്ങുന്നതു വിവാഹത്തിനു മുമ്പാണെങ്കിൽ വിവാഹത്തിനു ശേഷം മൂന്നുമാസത്തിനുള്ളിലും, വിവാഹസമയത്തോ അതിനു ശേഷമോ ആണെങ്കിൽ സ്വത്തു ലഭിച്ചതിൻെറ മൂന്നുമാസത്തിനുള്ളിലും കൈമാററം നടത്തേണ്ടതാണ്. വിവാഹസമയത്ത് വധു മൈനറായിരുന്നാൽ, അവൾക്ക് പതിനെട്ട് വയസ്സു കഴിഞ്ഞ് ഒരു കൊല്ലത്തിനുള്ളിൽ ഡൌറി സ്വത്തു കൈമാറേണ്ടതും അങ്ങിനെ കൈമാറുന്നതു വരെ വധുവിനു വേണ്ടി ട്രസ്റ്റി അല്ലെങ്കിൽ പരിപാലകൻ എന്ന നിലയിൽ മാത്രം സ്വത്തു കൈവശം വെക്കേണ്ടതുമാണ്. ഡൌറി ആർക്കുവേണ്ടി വാങ്ങിയോ ആ സ്ത്രീ ആയതു ലഭിക്കുന്നതിന് മുൻപ് മരണമടയുകയാണെങ്കിൽ ആയത് അവരുടെ അവകാശികൾക്കു ലഭിക്കുന്നതാണ്.

## തർക്കം കോടതിയിലെത്തിയാൽ

ഡൌറിസ്വത്തു സ്വീകരിച്ച ഏതെങ്കിലും വ്യക്തി മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ അത് സ്ത്രീയുടെ പേരിൽ കൈമാറ്റം ചെയ്യാതിരിക്കുകയാണെങ്കിൽ അയാൾ ആറുമാസത്തിൽ കുറയാതെയും രണ്ടുവർഷത്തോളം നീണ്ടുനില്ക്കാവുന്നതുമായ തടവിനോ 10,000ക. വരെയുള്ള പിഴയ്ക്കോ മേൽ പ്രകാരം തടവും പിഴയും കൂടിയ ശിക്ഷക്കോ വിധേയനാകുന്നതാണ്.

കുററക്കാരനെന്നും കോടതി തീർപ്പു കല്പിക്കുന്ന വ്യക്തി അങ്ങിനെ തീർപ്പു കല്പിക്കുന്നതിനു മുൻപ് സ്ത്രീക്ക് അവകാശപ്പെട്ട ഡൌറി സ്വത്ത് അവൾക്കോ അവൾ മരണമടയുകയാണെങ്കിൽ അവളുടെ അവകാശികൾക്കോ കൈമാററം ചെയ്തിട്ടില്ലെങ്കിൽ കേസിൽ വിധികല്പിക്കുന്നതിനോടൊപ്പം സ്വത്തു ക്ലിപ്ത സമയത്തിനുള്ളിൽ കൈമാററം ചെയ്യണമെന്ന് കോടതി നിർദ്ദേശിക്കേണ്ടതാണ്. അങ്ങിനെ കൈമാററം ചെയ്യുന്നതിൽ വീഴ്ചവരുത്തിയാൽ സ്ത്രീധനസ്വത്തിനു തുല്യമായ സംഖ്യ പിഴ എന്ന നിലയിൽ അയാളിൽ നിന്നും വസൂലാക്കി സ്ത്രീക്കോ അവകാശികൾക്കോ നല്കുന്നതിനും കോടതിക്ക് അധികാരമുണ്ട്.

## വിവാഹ സമ്മാനങ്ങൾ

വരനോ, വധുവിനോ അവർ ആവശ്യപ്പെടാതെ നൽകുന്ന വിവാഹ സമ്മാനങ്ങൾ സ്വീകരിക്കുന്നതിനെ നിയമം വിലക്കുന്നില്ല. എന്നാൽ അവയ്ക്ക് നിയമം നിർദ്ദേശിക്കുന്ന തരത്തിലുള്ള ലിസ്റ്റ തയ്യാറാക്കേണ്ടതുണ്ട്. ഇപ്രകാരം വരന് നൽകുന്ന വിവാഹ സമ്മാനങ്ങൾ വധുവിൽ നിന്നോ വധുവിന്റെ ബന്ധുക്കളിൽ നിന്നോ അവൾക്കുവേണ്ടി മററാരിൽ നിന്നോ ആണെങ്കിൽ അവ നാട്ടാചാര പ്രകാരമുള്ളവയാകണം. കൊടുക്കുന്ന ആളുടെ അല്ലെങ്കിൽ ആർക്കുവേണ്ടി കൊടുക്കുന്നുവോ അയാളുടെ സാമ്പത്തികശേഷിക്കു അതീതമാകുവാൻ പാടില്ല,

സമ്മാനലിസ്റ്റ് വിവാഹം നടക്കുമ്പോഴോ അതിനുശേഷം കഴിയുന്നതും വേഗത്തിലോ തയ്യാറാക്കേണ്ടതാണ്. ലിസ്റ്റിൽ സമ്മാനത്തിന്റെ ചുരുങ്ങിയ വിവരവും അതിന്റെ വിലയും, കൊടുത്തആളുടെ പേരും അയാൾക്കു വധൂവരന്മാരിൽ ആരെങ്കിലുമായി ബന്ധമുണ്ടെങ്കിൽ ആ ബന്ധം എന്തെന്നും കാണിക്കണം. വരനും വധുവും ലിസ്റ്റിൽ ഒപ്പിടണം. അവർക്ക് അക്ഷരാഭ്യാസം ഇല്ലെങ്കിൽ ലിസ്റ്റ് വായിച്ചുകേട്ടതിനുശേഷം ലിസ്റ്റിൽ അവരുടെ വിരലടയാളവും, വായിച്ചുകൊടുത്ത ആളുടെ ഒപ്പും വെയ്ക്കണം. വരനു കിട്ടുന്ന സമ്മാനങ്ങളുടെ ലിസ്റ്റ് വരനും വധുവിനു കിട്ടുന്നവയുടെ ലിസ്റ്റ് വധുവും സൂക്ഷിക്കേണ്ടതാണ്. വരനോ,വധുവിനോ



ആവശ്യമുണ്ടെങ്കിൽ അവരുടെ ലിസ്റ്റിൽ അല്ലെങ്കിൽ രണ്ടു ലിസ്റ്റുകളിലും വിവാഹസമയത്ത് ഹാജരായിരുന്ന ഏതെങ്കിലും ബന്ധുവിന്റെയോ മററേതെങ്കിലും വ്യക്തികളുടെയോ ഒപ്പു വാങ്ങുന്നതിനും വിരോധമില്ല.

## കോടതിയുടെ അധികാരപരിധി

സ്ത്രീധന നിരോധന നിയമപ്രകാരമുള്ള കുററങ്ങൾക്കു നടപടി എടുക്കുവാൻ ഒരു മെട്രോപ്പൊളിററൻ മജിസ്ട്രേററിനോ ഒന്നാം ക്ലാസ്സ് മജിസ്ട്രേററിനോ അധികാരമുണ്ട്. കോടതിക്ക് സ്വന്തം അറിവുവെച്ചോ പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ ബന്ധപ്പെട്ട വ്യക്തിയുടെയോ ആ വ്യക്തിയുടെ മാതാപിതാക്കൻമാരുടെയോ കേന്ദ്രഗവൺമെൻറിനാലോ സംസ്ഥാന ഗവൺമെൻറിനാലോ അംഗീകരിക്കപ്പെട്ട സാമൂഹ്യ സേവന സംഘടനയുടെയോ സ്ഥാപനത്തിന്റെയോ ആവലാതിയിൻമേലോ കുററകൃത്യം വിചാരണയ്ക്കെടുക്കാനും ഡൌറി നിരോധന നിയമം നിർദ്ദേശിക്കുന്ന തരത്തിൽ ശിക്ഷിക്കുവാനും അധികാരമുണ്ട്. ക്രിമിനൽ നടപടി നിയമം നിർദ്ദേശിക്കുന്ന കാലഹരണ നിയമം ഡൌറിയെ സംബന്ധിക്കുന്ന കുററകൃത്യങ്ങൾക്ക് ബാധകമല്ല. അത്തരം കുററകൃത്യങ്ങൾ അന്വേഷിക്കുന്നതിന് മജിസ്ട്രേററിന്റെ ഉത്തരവ് ആവശ്യമില്ല. പക്ഷേ അന്വേഷിക്കുന്ന വ്യക്തിക്ക് മജിസ്ട്രേററിന്റെ ഉത്തരവു കൂടാതെ അറസ്റ്റ് ചെയ്യുന്നതിനധികാരമില്ല. കുററകൃത്യം ചെയ്തതായി ആരോപിക്കപ്പെട്ടവരെ ജാമ്യത്തിൽ വിടാവുന്നതാണ്. അതേസമയം കുററകൃത്യം ആരോപിക്കപ്പെട്ടവനും പരാതിക്കാരനും തമ്മിൽ യോജിപ്പിൽ എത്തി എന്നപേരിൽ ശിക്ഷയിൽ നിന്നും വിമുക്തി നേടുവാൻ അവകാശമില്ല.

## ക്രിമിനൽ നടപടി നിയമം

ഡൌറിയുടെ കെടുതികളിൽ നിന്നും സ്ത്രീകളെ രക്ഷിക്കുന്നതിനുവേണ്ടി, പാർലിമെൻറ് പാസ്സാക്കിയ മറെറാരു നിയമമാണ് 1983-ലെ ക്രിമിനൽ നടപടി 2-ാം ഭേദഗതി നിയമം. ഈ നിയമ പ്രകാരം ഇന്ത്യൻ ശിക്ഷ നിയമത്തിലും ക്രിമിനൽ നടപടി നിയമത്തിലും കൂടുതൽ വകുപ്പുകൾ ചേർത്തു. പുതുതായി ചേർത്ത വകുപ്പുകൾ പ്രകാരം ഒരു സ്ത്രീയുടെ ഭർത്താവോ, ഭർത്താവിന്റെ ബന്ധുക്കളോ ആ സ്ത്രീയെ ആത്മഹത്യയ്ക്കോ മററു തരത്തിലുള്ള ക്രൂരതയ്ക്കോ വിധേയയാക്കുകയാണെങ്കിൽ അവർക്ക് മൂന്നു കൊല്ലം വരെ തടവു ശിക്ഷ വിധിക്കപ്പെടാവുന്നതാണ്. ഒരു സ്ത്രീ വിവാഹത്തിനുശേഷം ഏഴു വർഷത്തിനുള്ളിൽ ആത്മഹത്യ ചെയ്യുകയോ കൊല ചെയ്യപ്പെട്ടതാണെന്നു സംശയം തോന്നുകയോ ആ സ്ത്രീയുടെ ബന്ധുക്കളിൽ ആരെങ്കിലും പരാതിപ്പെടുകയോ മരണത്തിന്റെ കാരണത്തെപ്പററി സംശയം തോന്നുക

യോ പോലീസിനു യുക്തമെന്ന് തോന്നുകയോ ചെയ്താൽ മരിച്ച സ്ത്രീയുടെ മൃതദേഹം സിവിൽ സർജൻെറയോ നിർദ്ദിഷ്ട യോഗ്യതയുള്ള മററതെങ്കിലും ഡോക്ടറുടെയോ പരിശോധനയ്ക്കു വിധേയമാക്കേണ്ടതാണെന്നു ഭേദഗതി ചെയ്ത നിയമം നിർദ്ദേശിക്കുന്നു. അങ്ങിനെയുള്ള മരണത്തെപ്പററി അന്വേഷണം നടത്താൻ മജിസ്ട്രേററിന് അധികാരമുണ്ട്.

## പൊതുജനങ്ങളുടെ പങ്ക്

ഇത്രയെല്ലാം നിയമങ്ങൾ പാർലിമെൻറ് പാസ്സാക്കിയിട്ടുണ്ടെങ്കിലും സമൂഹത്തിൽ വേരുറച്ച ദുരാചാരങ്ങൾ നിയമം കൊണ്ടുമാത്രം ഇല്ലാതാക്കുവാൻ സാദ്ധ്യമല്ല. അതിനു മററു പോം വഴികൾ കാണേണ്ടതുണ്ട്. ആചാരത്തിൻെറ ദൂഷ്യവശങ്ങൾ സാധാരണക്കാർക്കു ബോദ്ധ്യമാക്കിക്കൊടുക്കുകയും അതിനെതിരെ പൊതുജനാഭിപ്രായം സൃഷ്ടിക്കുകയും നിയമം കർശനമായി നടപ്പിൽ വരുത്തുകയും ചെയ്താൽ മാത്രമേ ഡൌറിയാകുന്ന കളങ്കം സമൂഹത്തിൽനിന്നു നിർമ്മാർജ്ജനം ചെയ്യാൻസാദ്ധ്യമാകുകയുള്ളൂ.

---

## മനുഷ്യാവകാശ നിയമ പ്രവർത്തന സെൻററുകൾ

**മനുഷ്യാവകാശം നഷ്ടപ്പെടുന്നവർക്ക് വേണ്ടി അവരുടെ ശബ്ദമാകുവാൻ, സ്ത്രീ പീഡനത്തിനെതിരെ പ്രതികരിക്കുവാൻ, ഉപഭോക്തൃ ചൂഷണത്തിനെതിരെ പ്രതികരിക്കുവാൻ, റോഡു നിയമം അറിയിക്കുവാനും, റോഡപകടത്തിൽ പെടുന്നവരെ സഹായിക്കുവാനും താൽപ്പര്യമുള്ളവർ എഴുതുക. പഠനക്ലാസ്സുകൾ-സെമിനാറുകൾ നടത്തുവാനും ബന്ധപ്പെടുക.**

പ്രോഗ്രാം കോ-ഓർഡിനേററർ
നോസർ-ഇന്ത്യ-പായം-670704

Digitized by Thomas John Palekkudy for and on behalf of
NILA Educational & Entrepreneurial Services Pvt. Limited.
Thomas John Palekkudy

**കുട്ടികൾക്ക് നിയമം കഥകളിലൂടെ!!**

1. ഹായ് ഐസ്ക്രീം — മൂന്നുരൂപ.
2. കർഫ്യൂ — മൂന്നുരൂപ.
3. ഭീകരൻ — മൂന്നുരൂപ.
4. അപകടം — മൂന്നുരൂപ.
5. മോചനം — രണ്ടുരൂപ.
6. മരുന്ന് — രണ്ടുരൂപ.

എല്ലാ പുസ്തകങ്ങളും ഒരുമിച്ച് പത്തുരൂപക്ക് തപാൽ ചാർജ്ജ് സൗജന്യം.

കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്
P. B. No. 1. പായം-670704

---

**ഉപഭോക്താക്കൾക്ക് ഒരു വഴി കാട്ടി!!**

# കൺസ്യൂമർ ന്യൂസ് മാസിക

വാർഷിക വരിസംഖ്യ മുപ്പത്രൂപ. 5 വർഷം നൂറുരൂപ. പത്തുവർഷം 200 രൂപ. ഇരുപതുവർഷം മൂന്നൂറുരൂപ. M. o. or D. D. മാത്രം.

കൺസ്യൂമർ ന്യൂസ്
P. B. No. 1. പായം. P. O. 670704

---

**കുട്ടികളുടെ ഉപഭോക്തൃ ബോധവൽക്കരണത്തിന് ഇന്ത്യയിലെ ആദ്യത്തെ മാസിക.**

# കൺസ്യൂമർ സ്ററുഡൻറ്

വാർഷിക വരിസംഖ്യ 24 രൂപ. M. o. അയക്കുക.

കൺസ്യൂമർ സ്റ്റുഡൻറ്
പായം-670704